**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **30-07-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം അനുവദിച്ച വീടുകളുടെയും ഭൂരഹിതർക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും വിശദവിവരം ലഭ്യമാക്കുമോ; | (എ) | പട്ടികജാതിക്കാരായ 427 ഭവനരഹിത കുടുംബങ്ങളും 174 ഭൂരഹിത കുടുംബങ്ങളുമാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് നിലവിൽ ലൈഫ് മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ 233 വീടുകൾ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (ഭവനരഹിതർ) ഒരു ഗുണഭോക്താവിനെയും മൂന്നാം ഘട്ടത്തിൽ (ഭൂരഹിതർ) 4 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | അനുവദിക്കപ്പെട്ടതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ളവയും ആരംഭിക്കാനുള്ളവയും എത്ര വീതമെന്നും വിശദമാക്കുമോ? | (ബി) | ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 233 വീടുകളിൽ 5 വീടുകൾ പൂർത്തീകരിക്കുകയും 228 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലുമാണ്. ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 194 പട്ടികജാതി കുടുംബങ്ങളുടെയും ഭൂരഹിത ലിസ്റ്റിൽ ഉൾപ്പെട്ട 174 പട്ടികജാതി കുടുംബങ്ങളുടെയും വീടിന്റെ നിർമ്മാണം ആരംഭിക്കാനുണ്ട്. പട്ടികവിഭാഗക്കാർക്കായി അനുവദിച്ച വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ